പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 861 — 13/06/2012-ൽ മറുപടിക്ക്

## മാതൃകാ പട്ടികവർഗ്ഗ കോളനികൾ

ചോദ്യം

ശ്രീ.വർക്കല കഹാർ
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണുനാഥ്

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ കോളനികൾ മാതൃകാ കോളനികളാക്കി മാറ്റുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) ആന്റ് (ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ മാതൃകാ കോളനികൾ ആക്കുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടത്തിൽ കൊല്ലം ജില്ലയിലെ കുരിയോട്ട്മല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ വാകേരി, കുഞ്ഞോം, കാരപ്പുഴ എന്നീ 5 കോളനികൾ തെരഞ്ഞെടുത്ത് മോഡൽ കോളനികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ മോഡൽ കോളനിയിലും 5 ഏക്കറിൽ കുറയാത്ത സ്ഥലവും സഞ്ചാരയോഗ്യമായ റോഡ്, വാസയോഗ്യമായ വീടുകൾ, അംഗൻവാടി, കൃഷിഫാം, കന്നുകാലി-പൗൾട്രി ഫാം ബയോഗ്യാസ്, കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്വയം പര്യാപ്തമായ പുനരധിവാസ കോളനിയാണ് സജ്ജീകരിക്കുന്നത്. ഓരോ കോളനിയിലും 25 വീടുകൾ വീതം വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി 125 വീടുകൾക്ക് ആവശ്യമായ ആകെ തുക 6.65 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഭൗതിക സാഹചര്യങ്ങളാണ് മാതൃക കോളനികളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | | |

സെക്ഷൻ ഓഫീസർ